# യാഥാർത്ഥ്യങ്ങളും തെറ്റിദ്ധാരണകളും

ദത്തോപന്ത് ഠേംഗഡി

ഭാരതത്തിൽ ഭരണാധികാരികൾ ഒരിക്കലും സമാജത്തിന് നേതൃത്വം നൽകിയിട്ടില്ല. ഇത് മറ്റെവിടെയും നിങ്ങൾക്ക് കാണാൻ കഴിയില്ല. ഭരണാധികാരികളായവരെ സമൂഹം ''ഭരണനേതാവാ''യി കരുതി. സാമ്പത്തികധികാരം കൈയ്യാളിയവരെ ''സാമ്പത്തിക നേതാവാ''യി കരുതി. എന്നാൽ ഇവരെ രണ്ടുപേരെക്കാളും ''ധാർമ്മിക നേതാവി''നെ ശ്രേഷ്ഠനായി കണക്കാക്കി. തന്റെ ധാർമ്മികാധികാരം, ചരിത്രം, നിസ്വാർത്ഥജീവിതം, പരോപകാരരുടെ ബുദ്ധി, സമാജത്തോട് ആത്മീയഭാവം ഇവയൊക്കെകൊണ്ട് അവർ മഹത്വം കൊണ്ടുതന്നെയാണ് ഭാരതം ആയിരക്കണക്കിന് വർഷങ്ങളായി രാഷ്ട്രമെന്ന നിലയിൽ ജീവിച്ചുവരുന്നത്. എവിടെയൊക്കെ സമാജജീവിതത്തിന്റെ കേന്ദ്രബിന്ദു സർക്കാർ ആയിരുന്നിട്ടുണ്ടോ അവിടെയെല്ലാം സർക്കാർ തകരുന്നതോടുകൂടി സമാജ ജീവിതവും പൊട്ടിത്തകർന്ന് അവസാനിച്ചിട്ടുണ്ട്. ഈ പ്രക്രിയയിലൂടെ നിരവധി രാഷ്ട്രങ്ങൾ ലോകത്ത് നശിച്ചുവെങ്കിലും നമ്മുടെ രാഷ്ട്രം ഇന്നും ജീവിക്കുന്നത് നമ്മുടെ സമാജ ജീവിതം ഭരണാധികാരത്തിനും സാമ്പത്തികാധികാരത്തിനും മുകളിലായി നമ്മുടെ ഇവിടെ ധാർമ്മികരായ ഋഷിമാർക്ക് സ്വാധീനമുണ്ടായിരുന്നു. നാം രാഷ്ട്രത്തിന്റെ പുനർനിർമാണത്തിനായിട്ടാണ് ഇറങ്ങിയിരുന്നുന്നെങ്കിൽ ഇന്നും മൗലികമായ ഈ ആവശ്യങ്ങളെ പൂർത്തീകരിക്കേണ്ടിവരും. ആരോ മഹാത്മാഗാന്ധിയോട് ചോദിച്ചു, ''താങ്കൾ രാഷ്ട്രീയത്തിൽ ഉപവാസം ശ്രീരാമചിന്ത, ധർമ്മം, സംസ്കാരം, രാമരാജ്യം തുടങ്ങിയ കാര്യങ്ങളൊക്കെ എന്തിനാണ് കൊണ്ടുവരുന്നത്? രാഷ്ട്രീയവുമായി ഇവയ്ക്ക് എന്തു ബന്ധമാണുള്ളത്?'' മഹാത്മഗാന്ധി പറഞ്ഞു. നോക്കൂ, റോമാ സാമ്രാജ്യത്തിലെ അനഭിഷിക്തനായ ചക്രവർത്തിയായിരുന്നു ജൂലിയസ് സീസർ. അദ്ദേഹത്തിന് ശക്തമായ സാമ്രാജ്യമുണ്ടായിരുന്നു. നിരവധി ആളുകളുണ്ടായിരുന്നു. ഇനി ചിന്തിക്കൂ, ക്രൈസ്തവ മതത്തിന്റെ സ്ഥാപകൻ ജീസസ് ക്രൈസ്റ്റ് ആയിരുന്നു. അദ്ദേഹത്തിന് പന്ത്രണ്ട് ശിഷ്യന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ ഒരാൾ വഞ്ചകനുമായി. ജീസസ് ക്രൈസ്റ്റിനെ കുരിശിലേറ്റി. സീസർ സാമ്രാജ്യത്തിന് ഇന്ന് ഒരു അനുയായി പോലും ഇല്ല. എന്നാൽ പന്ത്രണ്ടു ശിഷ്യന്മാരുടെ മാത്രം നേതാവായിരുന്ന യേശുമിശിഹയ്ക്ക് ലോകം മുഴുവൻ കോടിക്കണക്കിന് ശിഷ്യന്മാരുണ്ട്. ആരെ വിജയിയായി കണക്കാക്കും? രാജ്യഭരണം മാത്രം നടത്തിയിരുന്ന സീസറിനെയൊ അതോ എന്നും ധാർമ്മിക കാര്യങ്ങളോട് പ്രതിബദ്ധത കാണിച്ച ഈശോമിശിഹയെയോ?

അഗ്നിയുടെ ഗുണം ചൂടും വെളിച്ചവും നൽകുക എന്നതാണ്. എല്ലാ അധികാരവുമുള്ള ഭാരതത്തിന്റെ ലോകസഭ, ഇനിമുതൽ അഗ്നി തന്റെ സ്വഭാവം മാറ്റി തണുപ്പും ഇരുട്ടും നൽകണമെന്ന്, ഐക്യകണ്ഠേന ഒരു പ്രമേയം പാസാക്കിയാൽ എന്തെങ്കിലും മാറ്റം ഉണ്ടാകുമോ? ഈ പ്രസ്താവനമൂലം ഏതെങ്കിലും ഭരണഘടനാ വിദഗ്ദ്ധൻ അഗ്നിയെ ആലിംഗനം ചെയ്താൽ അയാളുടെ അവസ്ഥ എന്തായിരിക്കും? പ്രമേയത്തിന് ഭൂരിപക്ഷമുണ്ട് എന്നു കരുതി അഗ്നി തന്റെ ഗുണവും ധർമ്മവും മാറ്റില്ല. കാരണം അത് അതിന്റെ ആന്തരികശക്തിയാണ്. സിദ്ധാന്തങ്ങളുടെ മഹത്വം അതിന്റെ പിന്തുടർച്ചക്കാരുടെ എണ്ണത്തിലല്ല, അവയിൽ അടങ്ങിയിരിക്കുന്ന ശക്തിയെ അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതെന്ന് സ്പഷ്ടമാണ്.

***ഗഗനം ഗഗനാകാരം സാഗരഃസാഗരോപമഃ***
***രാമരാവണയോർയുദ്ധം രാമരാവണയോരിവ***

ഇതിന്റെ അർത്ഥം ഇങ്ങനെയാണ് - ആകാശത്തിനു തുല്യം ആകാശം മാത്രമാണ്. മഹാസാഗരത്തിനു തുല്യം മഹാസാഗരവും, രാമരാവണയുദ്ധത്തെ രാമരാവണയുദ്ധത്തോടു മാത്രമെ ഉപമിക്കാൻ കഴിയൂ. ഇതേപോലെ, സംഘത്തെപ്പോലെ സംഘം മാത്രമാണെങ്കിൽ പുറമെയുള്ളയാൾ എന്ത് മനസ്സിലാക്കും? എന്ന് പറയുമ്പോൾ അയാൾക്ക് മനസ്സിലാക്കാൻ കഴിയില്ല എന്നതാണ് സത്യം, സംഘം അനന്വയയാലങ്കാരമായതിനാൽ പുറമെയുള്ളവർ സദ്ഭാവനയോടെയും സദുദ്ദേശത്തോടെയും മനസ്സിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ തന്നെ വേണ്ടത്ര സമയമെടുക്കും. സംഘത്തെ നേരിട്ട് മനസ്സിലാക്കാത്തിടത്തോളം സംഘത്തെ മനസ്സിലാക്കുക ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും.

ഇക്കാര്യം ഞാൻ എന്റെ ജീവിതത്തിൽ സ്വയം അനുഭവിച്ചിട്ടുള്ളതാണ്. അന്ന് ഞാൻ നാഗ്പൂരിലെ മോറിസ് കോളെജിൽ പഠിക്കുകയായിരുന്നു. ഞാനും എന്റെ മറ്റു കൂട്ടുകാരും സ്വയം വളരെ പുരോഗമനചിന്താഗതിയുള്ളവരായി കരുതിയിരുന്നു. ചില സുഹൃത്തുക്കൾ ദണ്ഡയുമായി സംഘത്തിൽ പോകുന്നതു കണ്ടപ്പോൾ ഞങ്ങൾക്ക് അവരോട് സഹതാപം തോന്നിയിരുന്നു. എന്നാൽ ചില സ്വയംസേവകർ എന്നെ ശാഖയിൽ കൊണ്ടുപോകാനായി എന്റെ പിന്നാലെ കൂടി. സമൂഹത്തെ അളവറ്റ് സ്നേഹിക്കൂ, അതായത് അംഗീകരിച്ചാലും ഇല്ലെങ്കിലും ഞാൻ നിന്റെ അതിഥി എന്നാണ് സംഘം പഠിപ്പിച്ചത്. എന്റെ സ്വയം

സേവക സുഹൃത്തുക്കൾ പറ്റാവുന്ന രീതിയിൽ എന്നെ സംഘത്തെക്കുറിച്ച് മനസ്സിലാക്കാൻ പരിശ്രമിച്ചുവെങ്കിലും അവർ പറയുന്ന കാര്യം എനിക്ക് മനസ്സിലായില്ല. ''സംഘത്തിന്റെ ലക്ഷ്യം മനുഷ്യനിർമ്മാണമാണ്'' എന്ന് അവർ പറഞ്ഞകാര്യം എന്റെ ബുദ്ധിക്കും അപ്പുറത്തുള്ള കാര്യമായിരുന്നു. ഇത് സംഘത്തിന്റെ പദസമൂഹമാണ്. അതിന് അതിന്റേതായ പ്രത്യേക അർത്ഥമുണ്ട്. ആ അർത്ഥം മനസ്സിലായിട്ടില്ലെങ്കിൽ അനർത്ഥമാകാൻ സാധ്യതയുണ്ട്. ഈശോമിശിഹ പറഞ്ഞു, The better kileth അതായത് അക്ഷരം മൂലം കൊലപാതകം പോലും നടക്കാൻ സാധ്യതയുണ്ട്. നാം മനുഷ്യരായിരിക്കുമ്പോൾ മനുഷ്യരെ നിർമികകുക എന്നത് ഞങ്ങൾക്ക് നിരർത്ഥകമായി തോന്നി. എന്നാൽ അക്കാലത്ത് ഞങ്ങളുടെ കോളെജ് മാഗസിനിൽ അച്ചടിച്ചുവന്ന ഒരു കവിത ഞാൻ കാണാനിടയായി. നമുക്ക് മനുഷ്യരെയാണ് വേണ്ടതെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കവിത ഇങ്ങനെയായിരുന്നു.

Wanted men!
Not systems, fit and wise!
Not faith, with rigid eyes!
Not wealth, in mountain piles!
Not power, with gracious smiles
Not even the potent pen.
Wanted men!

ഈ കവിത വായിച്ചു കഴിഞ്ഞപ്പോൾ എനിക്ക് സംഘത്തിന്റെ മനുഷ്യനിർമാണത്തെക്കുറിച്ചുള്ള കാര്യം ഓർമ വന്നു. ഇതിനു ശേഷം രസകരമായ മറ്റൊരു വിഷയം വായിക്കാൻ കിട്ടി. ഗ്രീസിലെ ശ്രേഷ്ഠചിന്തകനായ ഡയോജനിസ് ഒരിക്കൽ നട്ടുച്ചയ്ക്ക് കൈയിൽ ഒരു റാന്തൽ വിളക്കുമായി ഏഥൻസിലെ തിരക്കേറിയ ചന്തയിൽ വന്നു. ആളുകൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ''ഞാൻ മനുഷ്യനെ തിരയുകയാണ്.'' ആളുകൾ വളരെ ആശ്ചര്യചകിതരായി. അവർ ചോദിച്ചു. ''നമമളെല്ലാം മനുഷ്യരാണല്ലോ പിന്നെന്തിനാ തിരയുന്നത്?'' അപ്പോൾ ഡയോജനിസ് വളരെ കോപാകുലനായി. അദ്ദേഹം വികാരതീവ്രതയോടെ പ്രതികരിച്ചു, ''കടന്നുപോകൂ, എനിക്ക് മനുഷ്യനെയാണ് വേണ്ടത്, കുള്ളന്മാരെയല്ല'' (Get out, I wanted men, not pygmies). ഞാൻ ചിന്തിക്കാൻ തുടങ്ങി. സംഘത്തിന്റെ ആളുകളും മനുഷ്യനെ വേണമെന്നു പറയുന്നു. കവിയും ഡയോജനിസും ഇതുതന്നെ പറയുന്നു. അപ്പോൾ ഇതിലെന്തോ അർത്ഥമുണ്ട്. കുറച്ചു സമയത്തിനു ശേഷം സെന്റ് ഇഗ്നേഷ്യസിന്റെ ഇതേ അർത്ഥം വരുന്ന വചനങ്ങൾ കണ്ടു. അക്കാലത്ത് സ്വാമി വിവേകാനന്ദന്റെ ചിത്രത്തിനു കീഴെ ഒരു വാചകം വായിക്കാൻ സാധിച്ചു. ഐ വാണ്ട് മെൻ വിത്ത് ക്യാപിറ്റൽ ''എം''. മനുഷ്യനിർമാണം ഏതോ പ്രക്രിയയാണെന്ന് അപ്പോൾ മനസ്സിലായി. രണ്ടു കൈയും രണ്ടുകാലും ഉണ്ടായാൽ മാത്രം മനുഷ്യനാകില്ല. മനുഷ്യനാകാൻ അയാൾക്ക് എന്തെങ്കിലും കൂടി ചെയ്യേണ്ടി വരുന്നു. അപ്പോൾ സംഘത്തോട് താല്പര്യം വർദ്ധിച്ചു. മനുഷ്യനാകാൻ ചില സംസ്കാരം കൂടി വേണമെന്ന് പിന്നീട് മനസ്സിലായി.

സംഘത്തിൽ എത്ര ദിവസം പോകുമ്പോൾ എത്ര സംസ്കാരം കിട്ടുമെന്ന് ഇപ്പോൾ പറയാൻ ബുദ്ധിമുട്ടാണ്. ഇത് അളക്കാൻ ഒരു യന്ത്രമൊന്നുമില്ല. സംസ്കാരം ഉൾക്കൊള്ളുന്നവനു പോലും മനസ്സിലാക്കാൻ സാധിക്കാത്ത അത്ര സൂക്ഷ്മമാണ് സംസ്കാരത്തിന്റെ പുരോഗതി. അത് അയാൾ അറിയാതെ തന്നെ ഉൾക്കൊള്ളുന്നു. നവജാതശിശു ഓരോ നിമിഷവും വളർന്നുകൊണ്ടേയിരിക്കും. പക്ഷെ, ഇരുപത്തിനാലു മണിക്കൂർ കൊണ്ട് തന്റെ കുഞ്ഞ് എത്രമാത്രം വളർന്നു എന്ന് അതിന്റെ അമ്മയ്ക്ക് പറയാൻ സാധിക്കില്ല. ശരിയാണ്, പത്തു വർഷം കഴിഞ്ഞ് ആ ബാലനെക്കാണുമ്പോൾ അവൻ എത്ര വളർന്നു എന്ന് പറയാൻ എളുപ്പമാണ്. ശരിക്കും ഇതേപോലെയാണ് സംസ്കാരത്തിന്റെയും പുരോഗതി. കഠിനമായ പരീക്ഷണഘട്ടത്തിലാണ് സംസ്കാരമുള്ളവനെയും സംസ്കാരമില്ലാത്തവനെയും തിരിച്ചറിയാൻ സാധിക്കുക. ഒരു സുഭാഷിതമുണ്ട്.

***കാകഃപികഃ കൃഷ്ണഃ കോഭേദഃ പിക കാകയോഃ***
***വസന്തമയേ പ്രാപ്തേ കാകഃ കാകഃ പികഃ പികഃ***

അതായത്, കാക്കയും കുയിലും രണ്ടും കറുപ്പുനിറമാണ്. എന്നാൽ വസന്ത ഋതുവരുമ്പോൾ അവരെ തിരിച്ചറിയാൻ കഴിയും.

സ്വയം സേവകർ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒരു ചെറിയ ഉദാഹരണം ഇവിടെ മതിയാകും. 1965 ൽ പാക്കിസ്ഥാൻ ഭാരതത്തെ ആക്രമിച്ചു. അപ്പോൾ ഭാരത-പാക്കിസ്ഥാൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഫാസിൽക്കാ പട്ടണത്തിൽ സർക്കാർ ''പൗര സുരക്ഷ'' പരിപാടി ആരംഭിച്ചു. അവിടത്തെ പ്രധാന രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ പ്രസിഡന്റിനെ പൗര സുരക്ഷാസമിതിയുടെ അധ്യക്ഷനായി തിര

ഞ്ഞെടുത്തു. കുറച്ചുകഴിഞ്ഞ് നിരീക്ഷണത്തിനായി ഒരു മന്ത്രി അവിടെ എത്തിയപ്പോൾ ബന്ധപ്പെട്ട രാഷ്ട്രീയപ്പാർട്ടിയുടെ ആളുകൾ അദ്ദേഹത്തോട് പരാതി പറഞ്ഞു. കളക്ടറുടെ പ്രവർത്തനം വളരെ പക്ഷപാതപരമാണ്. കാരണം പൗരസുരക്ഷാ സമിതിയിൽ അദ്ദേഹം സംഘത്തിന്റെ ആളുകളെ കുത്തിനിറയ്ക്കുന്നതിലാണ് മുൻതൂക്കം കൊടുക്കുന്നത്. സംഘത്തിന്റെയാളുകളാണ് അതിൽ പേരു ചേർത്ത് പരിശീലനം നേടിക്കൊണ്ടിരിക്കുന്നത്. നമ്മുടെ പാർട്ടിക്കാരെ ക്ഷണിക്കുന്നേയില്ല. അവരെ വിളിക്കാൻ പോകലാണോ താങ്കളുടെ ജോലി. ഇതിനുത്തരമായി ജില്ലാ കളക്ടർ പറഞ്ഞു. അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ നാലാം ദിവസവും ചെന്നപ്പോൾ ജില്ലാ അധ്യക്ഷൻ പറഞ്ഞത്. അല്ലയോ കളക്ടർ മഹോദയാ, താങ്കൾ എന്നെ വെറും ഭ്രാന്തനായി കാണരുത്. ഈ സംഘക്കാരെ പോലെ ഞാൻ രക്ഷയില്ലാത്തയാളല്ല. അവർ എന്നും വന്നാൽ അവർക്കെന്താ നഷ്ടപ്പെടാൻ മുമ്പും പിമ്പുമില്ലാത്തവർ. ഞാൻ കുഞ്ഞുകുട്ടികളുള്ള ഗൃഹനാഥനാണ്. എനിക്ക് വളരെ ചെറിയ കുട്ടികളാണുള്ളത്. അപ്പോൾ അദ്ദഹത്തിന്റെ ഏറ്റവും ഇളയമകൻ എം. എസ്സിക്കാണ് പഠിച്ചിരുന്നത്. ഒരു പരീക്ഷണഘട്ടം വന്നപ്പോഴാണ് സംസ്കാരമുള്ള ഹൃദയവും സംസ്കാരമില്ലാത്ത ഹൃദയവും തമ്മിലുള്ള വ്യത്യാസം പ്രകടമാകുക.

ഒരിക്കൽ യൂറോപ്പിലെ മഹാനായ ചിത്രകാരൻ മൈക്കിൾ ആഞ്ചലോ ഒരു ചിത്രം വരയ്ക്കുകയും ഒരു മാന്യവ്യക്തിയെ കാണിക്കുകയും ചെയ്തു. ചിത്രം കണ്ടിട്ട് ആ മാന്യൻ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചപ്പോൾ മൈക്കിൾ ആഞ്ചലോ പറഞ്ഞു, ''ഈ ചിത്രം എനിക്ക് ഇനിയും നന്നാക്കാനുണ്ട്.'' ആറു മാസത്തിനു ശേഷം ചിത്രം കാണാൻ ആ മാന്യവ്യക്തി വീണ്ടും വന്നു. ചിത്രത്തിൽ മൈക്കിൾ ആഞ്ചലോ നടത്തിയ അതിസൂക്ഷ്മമായ തിരുത്തലുകൾ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി. മേൽപറഞ്ഞ മാന്യവ്യക്തി പറഞ്ഞു. ''ഇത് സാധാരണഗതിയിലുള്ള മാറ്റമല്ലേ വരുത്തിയിട്ടുള്ളു, ഇതിൽ എന്ത് വ്യത്യാസമാണ് കാണാൻ കഴിയുക.'' Every change is trifle, all change are trifles (എല്ലാ മാറ്റങ്ങളും ചെറിയ കാര്യമാണ്., എല്ലാ മാറ്റങ്ങളും ചെറുതാണ്). മേൽ പ്രസ്താവനയിൽ മൈക്കിൾ ക്രുദ്ധനായി അദ്ദേഹം പറഞ്ഞു, all right Sir! all change are trifles, but nevertheless all these trifles put together make perfection and perfection is not trifle. അതായത്, സർ പരിവർത്തനം ചെറിയ കാര്യമാണ്, എന്നത് ശരിയാണ്, എന്നാൽ ഈ ചെറിയ ചെറിയ കാര്യങ്ങൾ ചേർന്നാണ് പൂർണത കൈവരിക്കുന്നത്. എന്നാൽ പൂർണത ഒരിക്കലും ചെറിയ കാര്യമല്ല ചെറിയ ചെറിയ കാര്യങ്ങൾ ആളുകൾ ശരിയായി മനസ്സിലാക്കുന്നില്ല. ചൈനയുടെയും പാക്കിസ്ഥാന്റെയും കാര്യങ്ങൾ സംസാരിക്കുന്നത് രാഷ്ട്രഭക്തിയാണ്, കബഡി കളിക്കുന്നതുകൊണ്ട് എന്താകാനാ എന്ന് അവർ പറയുന്നു. എന്നാൽ ഇങ്ങനെ ചിന്തിക്കുന്നത് തെറ്റാണ്. കൂട്ടായ പ്രവർത്തനം വഴിയാണ് സാമൂഹികതയുടെ സംസ്കാരം ഉണ്ടാകുന്നത്. അതുകൊണ്ട് സംഘസ്ഥാനിൽ നടക്കുന്ന ചെറിയ ചെറിയ കാര്യങ്ങൾക്ക് അതിന്റേതായ മഹത്വമുണ്ട്.

(സാങ്കത് രേഖയിൽ നിന്ന്)